## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1458 — 02.07.2015 ലെ മറുപടി

**നഴ്സിംഗ് റിക്രൂട്ട്മെന്റ്**

ചോദ്യം — മറുപടി

ശ്രീ. കെ.വി. വിജയദാസ്

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നേഴ്സുമാരുടെ വിദേശജോലി സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും നോർക്ക മുഖാന്തിരം മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽതേടി പോകുന്ന ഇന്ത്യൻ നഴ്സുമാരുടെ സുരക്ഷിതത്വം മുൻനിർത്തിയും വിദേശ രാജ്യങ്ങളിലെ തൊഴിൽ ചൂഷണവും പീഡനവും തടയുക എന്ന ലക്ഷ്യത്തോടെയും 18 ഇ.സി.ആർ രാജ്യങ്ങളിലേയ്ക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ നിയമനം 31.05.2015 മുതൽ കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC) , തമിഴ്നാട് സർക്കാർ ഏജൻസിയായ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് (OMC Ltd) , ചെന്നൈ എന്നിവർ മുഖാന്തിരം മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ച് കേന്ദ്ര പ്രവാസി കാര്യ മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതിനായി വിദേശ രാജ്യത്തെ തൊഴിലുടമ കേന്ദ്രസർക്കാരിന്റെ ഇമൈഗ്രേറ്റ് (emigrate) സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുകയും ആയത് പ്രസ്തുത രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയം പരിശോധിച്ച് അനുമതി നൽകുന്നതിനനുസരിച്ച് നിയമനം നടത്തുകയും ചെയ്യാം. |
| (ബി) | നോർക്ക മുഖാന്തിരം മാത്രം നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ; സർക്കാർ മുഖാന്തിരം നഴ്സിംഗ് റിക്രൂട്ട്മെന്റ് നടത്തണമെന്ന നിലപാട് സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ബി) | വിദേശ രാജ്യങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് സുതാര്യമായും ആക്ഷേപ രഹിതമായും കാര്യക്ഷമമായും നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് കേന്ദ്ര സർക്കാർ പുതിയ വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥകൾ നടപ്പിലാക്കുന്നതു മൂലം സുരക്ഷിത കുടിയേറ്റം ഉറപ്പാക്കാനും തൊഴിൽ ചൂഷണവും പീഡനവും ഇല്ലാതാക്കാനും ഭീമമായ തുക ഈടാക്കി നിയമനം നടത്തുന്ന റിക്രൂട്ടിംഗ് ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കാനും കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി റിക്രൂട്ട്മെന്റ് നടപടികൾ സുതാര്യമായി നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ നോർക്ക റൂട്ട്സ് പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ